പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 675 13-10-2026-ൽ മറുപടിയ്ക്ക്

സഹകരണ ബാങ്കുകളിലെ സേവനം കൂടുതൽ ജനകീയമാക്കുന്നതിനുള്ള നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. തോമസ് ഉണ്ണിയാടൻ	ശ്രീ. എം. ലിജു (സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ ബാങ്കുകളെ കൂടുതൽ ജനകീയമാക്കാൻ എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ;

മറുപടി:

കേരളത്തിലെ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും, അതിന്റെ ജനാധിപത്യ സ്വഭാവവും വിശ്വാസ്യതയും പുനഃസ്ഥാപിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ ചുവടെ പറയുന്നവയാണ്;

1. വിശ്വാസ് പദ്ധതി :

സഹകരണ സംഘങ്ങളിൽ നിക്ഷേപങ്ങൾ തിരികെ നൽകുന്നതുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും നിക്ഷേപകരുടെ താൽപ്പര്യങ്ങളും വിശ്വാസ്യതയും സംരക്ഷിക്കുന്നതിനുമായി "വിശ്വാസ്" എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി, പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ജില്ലാതലത്തിൽ സഹകരണ സംഘങ്ങളെ വിവിധ വിഭാഗങ്ങളായി തരംതിരിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ, മുഴുവൻ സംഘങ്ങളെയും നിക്ഷേപ ഗ്യാരന്റി പദ്ധതിയുടെ ഭാഗമാക്കിക്കൊണ്ട് എല്ലാ നിക്ഷേപങ്ങൾക്കും പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018 :

സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലൂടെ നിക്ഷേപകരിൽ ആത്മവിശ്വാസം വളർത്തുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമായാണ് 'കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2018' രൂപീകരിച്ചത്. 1969-ലെ കേരള സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്നതും പ്രസ്തുത സ്കീമിൽ അംഗങ്ങളായതുമായ സംഘങ്ങൾ ലിക്വിഡേഷനിലാവുന്ന സാഹചര്യത്തിൽ, നിക്ഷേപകർക്ക് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും പരമാവധി 5 ലക്ഷം രൂപ വരെ 'സെറ്റിൽമെന്റ് ഓഫ് ക്ലെയിം' (Settlement of Claim) ആയി നൽകിവരുന്നു.

ഗ്യാരന്റീഡ് സംഘങ്ങളിലെ നിക്ഷേപകർക്ക് നൽകിവരുന്ന ക്ലെയിം തുകയുടെ പരമാവധി പരിധി, നിക്ഷേപകൻ നിശ്ചിത വിഹിതം അടയ്ക്കുന്ന പക്ഷം 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സ്കീം ഭേദഗതി ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ലിക്വിഡേഷനിൽ ഉൾപ്പെടുന്ന സംഘങ്ങൾക്ക് പൂറമെ, അഴിമതി, സാമ്പത്തിക ക്രമക്കേട്, പണാപഹരണം എന്നിവ മൂലമല്ലാതെ മറ്റ് കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധിയിലായതും എന്നാൽ ലിക്വിഡേഷനിൽ ഉൾപ്പെടാത്തതുമായ സംഘങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കത്തക്ക വിധത്തിൽ നിക്ഷേപ ഗ്യാരന്റി പദ്ധതി പരിഷ്കരിക്കുന്നതിനുള്ള കരട് നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ 'നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ്' നിലവിൽവരുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

3. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008 :

സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക/കാർഷികേതര ആവശ്യങ്ങൾക്കായി (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ, അന്നേദിവസം ബാക്കിനിൽക്കുന്ന ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിനായി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008 / കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008.

കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിബന്ധന 4 (ബി) വ്യവസ്ഥപ്രകാരം വായ്പാ കാലാവധിക്കുള്ളിലോ അതിനുശേഷമോ, വായ്പക്കാരൻ മരണപ്പെടുമ്പോൾ വായ്പാ മുതലിൽ തുടർച്ചയായി 6 മാസത്തിൽ അധികരിച്ച് തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ലയെന്നതും, നിബന്ധന 4 (സി) യിലെ മാരകരോഗങ്ങൾ പിടിപെടുന്ന വായ്പക്കാരുടെ ചികിത്സാ സഹായത്തിന് മാത്രം കുടിശ്ശിക ബാധകമല്ല എന്ന വ്യവസ്ഥയും ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നിലവിൽവരുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

4. സഹകരണ വിജിലൻസ് :

സഹകരണ സംഘങ്ങളിലെ അന്വേഷണ വിചാരണ, തിരിമറികളുടെ കൃത്യാന്വേഷണം, അഴിമതി, മറ്റ് ഗുരുതരമായ ക്രമക്കേടുകൾ തുടങ്ങിയവ സംബന്ധിച്ച് രജിസ്ട്രാർ ആവശ്യപ്പെടുന്ന കാര്യങ്ങൾ അന്വേഷിക്കുന്നതിനായി സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് സഹകരണ വിജിലൻസ്.

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും അഴിമതിരഹിതവും സുതാര്യവുമാണെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി, വിജിലൻസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം, അടിസ്ഥാന വികസനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ വിജിലൻസിന്റെ മൂന്ന് മേഖലാ ഓഫീസുകൾക്കുമായി മൂന്ന് പുതിയ വാഹനങ്ങൾ അനുവദിച്ചിട്ടുള്ളതാണ്.

5. കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം 2025 :

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതോ അടിയന്തര സാഹചര്യങ്ങൾ മൂലം പ്രവർത്തനമാന്ദ്യം നേരിടുന്നതോ ആയ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും, അവയുടെ പ്രവർത്തനക്ഷമത വീണ്ടെടുക്കുന്നതിനുമായി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ പദ്ധതിയാണ് കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം 2025. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം കൂടുതൽ സഹകരണ സംഘങ്ങൾക്ക് കൂടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി, പദ്ധതി വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ടുള്ള സമഗ്രമായ പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

6. ആശ്വാസ് 2026 :

സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങി കടുത്ത സാമ്പത്തിക ഞെരുക്കത്തിലായ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനും, സംഘങ്ങളുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനുമായി സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയാണ് 'ആശ്വാസ്'.

7. എം.ആർ.എഫ് ഫണ്ട് പോർട്ടൽ :

കേരളത്തിലെ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ആശ്വാസമേകിക്കൊണ്ട് നടപ്പാക്കുന്ന പദ്ധതിയാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി (മെമ്പർ റിലീഫ് ഫണ്ട്), ടി പദ്ധതി ഓൺലൈനാക്കുന്നത് സർക്കാറിന്റെ സജീവ പരിഗണനയിലാണ്.

ആയതിലൂടെ ഗുരുതരരോഗം ബാധിച്ച സഹകാരികൾക്ക് ഈ പദ്ധതി പ്രകാരം ധന സഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും, അപേക്ഷകൾ വേഗത്തിൽ സംസ്ഥാന ഉന്നതതല കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും, അപേക്ഷാ പരിശോധനയുമായി ബന്ധപ്പെട്ട ജോലിഭാരം കുറയ്ക്കുന്നതിനും ഇതിലൂടെ സഹായകമാണ്.

അപേക്ഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ വഴിയോ, വെബ് പോർട്ടലിലൂടെയോ അപേക്ഷ സമർപ്പിക്കുവാനും, സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയുവാനും സാധിക്കും.

ധനസഹായം ബാങ്ക് അക്കൗണ്ടിലൂടെ നേരിട്ട് സ്വീകരിക്കുവാനും, അപേക്ഷ നൽകൽ പ്രക്രിയയുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തി സഹകരണ മേഖലയിലെ അംഗങ്ങൾക്ക് വേഗത്തിൽ ധനസഹായം ലഭിക്കാൻ സഹായകമാവും.

8. റിസ്ക് ഫണ്ട് പോർട്ടൽ :

മരണപ്പെട്ട വായ്പക്കാരുടെയോ, ഗുരുതരമായ രോഗങ്ങളുള്ള കടം വാങ്ങുന്നവരുടെയോ ആശ്രിതർക്ക് റിസ്ക് ഫണ്ടിൽ നിന്ന് സാമ്പത്തിക സഹായം ഓൺലൈനായി കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനായി ഒരു പോർട്ടൽ ഒരുക്കുന്നത് സർക്കാറിന്റെ സജീവ പരിഗണനയിലാണ്.

ടി പോർട്ടൽ സംവിധാനത്തിലൂടെ റിസ്ക് ഫണ്ട് വിഹിതം അടവാക്കൽ, റിസ്ക് ഫണ്ട് ക്ലെയിം അപേക്ഷകൾ സ്വീകരിക്കൽ, അപേക്ഷകളിലെ തുടർനടപടികൾ, ധനസഹായം അനുവദിക്കൽ തുടങ്ങിയവ കാര്യക്ഷമമായി ഇതിലൂടെ നടത്താനാകും.

(ബി) വ്യക്തികൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പേഴ്സണൽ ലോൺ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

<u>മറുപടി:</u> വ്യക്തിഗത ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി മതിയായ ജാമ്യ വ്യവസ്ഥകൾക്ക് അനുസൃത മായും, സംഘം നിയമാവലി, അംഗീകൃത ഉപനിബന്ധനകൾ എന്നിവയ്ക്ക് വിധേയമായും വ്യക്തിഗത വായ്പകൾ അനുവദിക്കുന്നുണ്ട്. അടിയന്തിര ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കു 50000/- രൂപ വരെ പരസ്പര ജാമ്യ വ്യവസ്ഥയിൽ വായ്പകൾ അനുവദിക്കുന്നതിന് സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന വിവിധ ലോണുകളുടെ ലഭ്യമാക്കൽ പ്രക്രിയ ലളിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>മറുപടി:</u> വായ്പക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് പരമാവധി 15 ദിവസങ്ങൾക്കുള്ളിൽ നടപടിക്രമ ങ്ങൾ പൂർത്തീകരിച്ച് വായ്പ നൽകണമെന്ന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഗഹാൻ ഓൺലൈൻ ആയി നടപ്പാക്കിയതിലൂടെ സഹകരണസംഘങ്ങൾ നൽകുന്ന വായ്പകൾ വേഗത്തിലായിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ കംപ്യൂട്ടറൈസേഷൻ, കോർ ബാങ്കിങ് സംവിധാനം, ഡിജിറ്റൽ ബാങ്കിങ് സേവനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിലൂടെ വായ്പാ സേവനങ്ങൾ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ